(എ) 1999-2000 ലെ ബഡ്ജറ്റിൽ പണി പൂർത്തിയാക്കുമെന്ന് പ്രഖ്യാപിച്ച് തുക ചേർത്തിരുന്ന എത്ര വർക്കുകൾ ചെയ്യാത്തതോ ചെയ്തു തീർക്കാത്തതോ ആയി 2000 ഏപ്രിൽ-1 ന് അവശേഷിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവയിൽ എത്ര വർക്കുകൾ 2000-2001 ലെ ബഡ്ജറ്റിൽ വീണ്ടും ചേർക്കുകയും തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്;

(സി) എന്തു തുക വീതം ഇവയ്ക്കുവേണ്ടി 2000-2001 ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 1999-2000 വർഷത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്ന പണികളിൽ 304 എണ്ണം അവശേഷിക്കുന്നു.

(ബി) ഭൂരിഭാഗം പ്രവൃത്തികളും വീണ്ടും ചേർക്കുകയും തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

(സി) 2000-2001 -ലേക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II (മരാമത്തുപണികളുടെ വിശദവിവരങ്ങൾ) വാല്യം I ൽ തുകയുടെ വിശദവിവരം ലഭ്യമാണ്.

റവന്യൂ അക്കൗണ്ടിലെ നീക്കിയിരിപ്പ്

2(956) ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

1995-96, 1996-97, 1997-98, 1998-99, 1999-2000 എന്നീ ഓരോ വർഷങ്ങളിലും റവന്യൂ അക്കൗണ്ടിലെ നീക്കിയിരിപ്പ് (ബാലൻസ് ഫ്രം കറന്റ് ഇയർ റവന്യൂ) എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

1995-96	-	127.83 കോടി രൂപ
1996-97	-	142.53 കോടി രൂപ
1997-98	-	(-)80.04 കോടി രൂപ
1998-99	-	(-)431.76 കോടി രൂപ
1999-2000	-	അവസാന കണക്ക് അക്കൗണ്ടന്റ് ജനറലിൽനിന്നും കിട്ടിയിട്ടില്ല.

പി.ഡി. അക്കൗണ്ടിലെ നിക്ഷേപം

3 (957) ശ്രീ. കെ.പി. വിശ്വനാഥൻ :

ശ്രീമതി റോസമ്മ ചാക്കോ :

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ പി.ഡി. അക്കൗണ്ടിൽ എന്തു തുകയുടെ നിക്ഷേപമുണ്ടായിരുന്നു;

(ബി) 1996-97, 1997-98, 1998-99, 1999-2000 എന്നീ വർഷങ്ങളിൽ പി.ഡി. അക്കൗണ്ടിൽ എന്തു തുക വീതം നിക്ഷേപിക്കപ്പെട്ടു;

(സി) 1997,1998,1999,2000 എന്നീ ഓരോ വർഷങ്ങളിലെയും മാർച്ച് മാസം 31-ന് പി.ഡി. അക്കൗണ്ടിൽ എന്തു തുക വീതം മിച്ചമുണ്ടായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly